**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 171** **12-10-2026-ൽ മറുപടിയ്ക്ക്**

**പനി - പകർച്ചവ്യാധി മരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധതരം പനികളും പകർച്ചവ്യാധികളും ബാധിച്ച് എത്ര പേർ ചികിത്സ തേടിയിട്ടുണ്ട്; സർക്കാർ ആശുപത്രി, സ്വകാര്യ ആശുപത്രി എന്നിവയുടെ കണക്ക് പ്രത്യേകം ലഭ്യമാക്കുമോ;

**മറുപടി:** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ആശുപത്രികളിൽ വിവിധതരം പനികളും പകർച്ചവ്യാധികളും ബാധിച്ച് ചികിത്സ തേടിയിട്ടുള്ളവരുടെ കണക്ക് **അനുബന്ധം- I** ആയി ചേർക്കുന്നു. സർക്കാർ ആശുപത്രികളിലെയും സ്വകാര്യ ആശുപത്രികളിലെയും കണക്കുകൾ പ്രത്യേകം ലഭ്യമല്ല.

**(ബി)** ഈ സർക്കാരിന്റെ കാലത്ത് ഇതേവരെ എത്രപേർ പനിയും പകർച്ചവ്യാധികളും ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്; സർക്കാർ ആശുപത്രിയിലെയും സ്വകാര്യ ആശുപത്രിയിലേയും കണക്ക് പ്രത്യേകം ലഭ്യമാക്കുമോ;

**മറുപടി:** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പകർച്ചവ്യാധികൾ ബാധിച്ച് സർക്കാർ ആശുപത്രികളിൽ മരണപ്പെട്ടവരുടെ എണ്ണം **അനുബന്ധം-II** ആയി ചേർക്കുന്നു.

സർക്കാർ ആശുപത്രികളിലെയും സ്വകാര്യ ആശുപത്രികളിലെയും കണക്കുകൾ പ്രത്യേകം ലഭ്യമല്ല.

**(സി)** പനിയും പകർച്ചവ്യാധിയും പടർന്നുപിടിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

**മറുപടി:** ഉണ്ട്. മാലിന്യം കുമിഞ്ഞുകൂടിക്കിടക്കുന്നതും മലിനജലം കെട്ടിക്കിടക്കുന്നതും പ്ലാസ്റ്റിക് പാത്രങ്ങൾ, അടപ്പ്, ചിരട്ട, കളിപ്പാട്ടങ്ങൾ തുടങ്ങി വലിച്ചെറിയുന്ന പാഴ് വസ്തുക്കളിലും, ഫ്രിഡ്ജ്, എയർ കൂളർ, ചെടിച്ചട്ടികൾ എന്നിവിടങ്ങളിൽ ശുദ്ധജലം തങ്ങാനിടയാകുന്നതും രോഗാണുക്കൾ പെറ്റുപെരുകുന്നതിന് സാഹചര്യമൊരുക്കുന്നു. ആയത് കൊതുകുജന്യ, ജലജന്യ, വായുജന്യ രോഗങ്ങൾ പടർന്ന് പിടിക്കുന്നതിന് ഇടയാക്കുന്നു.

**കൊതുകുജന്യ രോഗങ്ങൾ**

ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾ പ്രധാനമായും ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ വഴിയാണ് പകരുന്നത്. ഇടവിട്ടുള്ള മഴയും കാലാവസ്ഥാ വ്യതിയാനവും മൂലം വീടുകളിലും

പരിസരങ്ങളിലും വെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യം വർധിക്കുന്നത് കൊതുകുകളുടെ പ്രജനനത്തിന് അനുകൂല സാഹചര്യമുണ്ടാക്കുന്നു.

**എലിപ്പനി**

മഴക്കാലത്ത് വെള്ളക്കെട്ടുകൾ ഉണ്ടാകുമ്പോൾ എലി, നായകൾ, കന്നുകാലികൾ തുടങ്ങിയ മൃഗങ്ങളുടെ മൂത്രത്തിലൂടെയും വിസർജ്യത്തിലൂടെയും എലിപ്പനിക്ക് കാരണമാകുന്ന രോഗാണുക്കൾ ജലത്തിലും മണ്ണിലുമെത്താൻ സാധ്യതയുണ്ട്. ചർമത്തിലെ മുറിവുകളിലൂടെയോ വ്രണങ്ങളിലൂടെയോ രോഗാണു മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നതിലൂടെ എലിപ്പനി രോഗബാധയുണ്ടാകാം.

**ജലജന്യ രോഗങ്ങൾ**

കുടിവെള്ള സ്രോതസ്സുകൾ മലിനജലവുമായി സമ്പർക്കത്തിൽ വരുമ്പോൾ ഹെപ്പറ്റൈറ്റിസ്-എ, വയറിളക്ക രോഗങ്ങൾ തുടങ്ങിയ ജലജന്യ രോഗങ്ങൾ പകരാനുള്ള സാധ്യത വർദ്ധിക്കുന്നു. മാലിന്യം കെട്ടിക്കിടക്കുന്നതിലൂടെ ഈച്ചകളുടെ സാന്നിധ്യം വർദ്ധിക്കുന്നതും രോഗവ്യാപനത്തിന് കാരണമാകാം.

**വായുജന്യ രോഗങ്ങൾ**

വായുസഞ്ചാരം കുറവുള്ള സ്ഥലങ്ങളിൽ ആൾത്തിരക്ക് വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ ഇൻഫ്ലുവൻസ ഉൾപ്പെടെയുള്ള വായുജന്യ രോഗങ്ങൾ പകരാനുള്ള സാധ്യത കൂടുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

| വിവിധ പകർച്ചവ്യാധികളുടെ വിവരങ്ങൾ (മെയ് 18 മുതൽ ഒക്ടോബർ 8 വരെ) (2026) | | |
|---|---|---|
| ക്രമ നമ്പർ | രോഗങ്ങൾ | 2026 കേസുകൾ |
| 1 | ഡെങ്കിപ്പനി | 10005 |
| 2 | സംശയിക്കുന്ന ഡെങ്കിപ്പനി | 27762 |
| 3 | മലേറിയ | 743 |
| 4 | ചിക്കുൻഗുനിയ | 214 |
| 5 | അക്യൂട്ട് എൻസെഫലൈറ്റിസ് സിൻഡ്രോം (AES) | 61 |
| 6 | ജപ്പാൻ ജ്വരം (JE) | 3 |
| 7 | എലിപ്പനി | 1678 |
| 8 | സംശയിക്കുന്ന എലിപ്പനി | 981 |
| 9 | ഹെപ്പറ്റൈറ്റിസ് എ | 3184 |
| 10 | സംശയിക്കുന്ന ഹെപ്പറ്റൈറ്റിസ് എ | 5208 |
| 11 | ഹെപ്പറ്റൈറ്റിസ് ഇ | 22 |
| 12 | ടൈഫോയ്ഡ് | 121 |

| | | | |
|---|---|---|---|
| 13 | വയറിളക്ക രോഗം | | 280045 |
| 14 | ഷിഗെല്ല | | 448 |
| 15 | ചെള്ള് പനി | | 361 |
| 16 | എച്ച്1 എൻ1 | | 4540 |
| 17 | മുണ്ടിനീര് | | 1535 |
| 18 | വെസ്റ്റ് നൈൽ | | 10 |
| 19 | അഞ്ചാം പനി | | 391 |
| 20 | പേവിഷബാധ | | 7 |
| 21 | അമീബിക് മസ്തിഷ്ക ജ്വരം | | 67 |
| 22 | ചിക്കൻ പോക്സ് | | 11305 |
| 23 | പനി | OP | 1361611 |
| | | IP | 15520 |

സെക്ഷൻ ഓഫീസർ

അനുബന്ധം-II

| വിവിധ പകർച്ചവ്യാധി മരണ വിവരങ്ങൾ<br><br>(മെയ് 18 മുതൽ ഒക്ടോബർ 8 വരെ) (2026) | | |
|---|---|---|
| ക്രമ നമ്പർ | രോഗങ്ങൾ | മരണം |
| 1 | ഡെങ്കിപ്പനി | 32 |
| 2 | സംശയിക്കുന്ന ഡെങ്കിപ്പനി | 26 |
| 3 | മലേറിയ | 4 |
| 4 | ചിക്കുൻഗുനിയ | 1 |
| 5 | അക്യൂട്ട് എൻസെഫലൈറ്റിസ് സിൻഡ്രോം (AES) | 19 |
| 6 | ജപ്പാൻ ജ്വരം (JE) | 2 |
| 7 | എലിപ്പനി | 100 |
| 8 | സംശയിക്കുന്ന എലിപ്പനി | 72 |
| 9 | ഹെപ്പറ്റൈറ്റിസ് എ | 23 |
| 10 | സംശയിക്കുന്ന ഹെപ്പറ്റൈറ്റിസ് എ | 6 |
| 11 | ഹെപ്പറ്റൈറ്റിസ് ഇ | 2 |
| 12 | ടൈഫോയ്ഡ് | 0 |
| 13 | വയറിളക്ക രോഗം | 6 |
| 14 | ഷിഗെല്ല | 7 |
| 15 | ചെള്ള് പനി | 10 |
| 16 | എച്ച്1 എൻ1 | 77 |
| 17 | മുണ്ടിനീര് | 0 |
| 18 | വെസ്റ്റ് നൈൽ | 0 |
| 19 | അഞ്ചാം പനി | 1 |
| 20 | പേവിഷബാധ | 7 |
| 21 | അമീബിക് മസ്തിഷ്ക ജ്വരം | 18 |
| 22 | ചിക്കൻ പോക്സ് | 2 |
| 23 | പനി | 8 |

സെക്ഷൻ ഓഫീസർ